(സി) ബ്രിട്ടീഷ് ഭരണകാലത്ത് നിലനിന്നിരുന്ന എത്ര നിയമങ്ങൾ ഇപ്പോഴും സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടോ, അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ ;

(ഡി) നിയമവ്യവസ്ഥകൾ അനുസരിക്കാൻ പര്യാപ്തമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്താതെ, ശിക്ഷാവ്യവസ്ഥകൾ മാത്രം ഉൾപ്പെടുത്തുന്ന നിയമനിർമ്മാണ രീതി പരിഷ്കൃത സമൂഹത്തിനും മാറിയ ഭരണവ്യവസ്ഥയ്ക്കും അനുയോജ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

നിർമ്മിതി കേന്ദ്രം

186 (4177) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർമ്മിതി കേന്ദ്രയെ പ്രത്യേക ബോർഡോ/കോർപ്പറേഷനോ ആക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) നിർമ്മിതി കേന്ദ്രയുടെ 2-ാം ശമ്പള പരിഷ്കരണം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതെന്തുകൊണ്ട്;

(ഡി) നിർമ്മിതി കേന്ദ്രയിൽ സർവ്വീസ് റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ഇല്ല. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിനുശേഷമേ നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ.

(ഡി) ഇല്ല.

(ഇ) കരട് സർവ്വീസ് റൂൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly